**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **09-06-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ആയ കാരോട്, അതിയന്നൂർ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ചെങ്കൽ, കാരോട് , കുളത്തൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് കിഫ്ബി വഴി 89.18 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജല ശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി പൊൻവിളയിലെ രണ്ടേക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഭൂമിയുടെ മൊത്ത വിലയായ 8,13,35000 രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കി കലക്ടറേറ്റിൽ ഒടുക്കിയിട്ടുണ്ട് . പദ്ധതിയുടെ ഭാഗമായ 9.0 മീ വ്യാസമുള്ള കിണറിന്റെ നിർമാണത്തിന് മാവിളക്കടവിലെ സ്ഥലം റവന്യൂ അധികാരികൾ അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട് . അത് കൈമാറി കൊണ്ടുള്ള ഉത്തരവ് ജില്ലാ ഭരണകൂടത്തിൽ നിന്ന് ലഭ്യമാകേണ്ടതുണ്ട് . കാളിപ്പാറ പദ്ധതിയുടെ ഭാഗമായി ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനായി ചെങ്കൽ കുടുമ്പോട്ടുകോണത്തു നൽകിയ സ്ഥലം പഞ്ചായത്ത് മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയതിനാൽ ഉദിയൻകുളങ്ങര വ്യാപാര കേന്ദ്രത്തിനടുത്ത സ്ഥലം അനുവദിച്ചിട്ടുണ്ട് . പ്രസ്തുത സ്ഥലം നേരത്തേ നിശ്ചയിച്ചിരുന്ന സ്ഥലത്തുനിന്നും 1.8 കിലോമീറ്റർ മാറിയാണ് വരുന്നത് . കാരോട് 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമാണത്തിനായി കൈമാറിയ സ്ഥലം പരിമിതമായതിനാൽ അതനുസരിച്ചുള്ള ജല സംഭരണിയെ നിർമിക്കാനാകുകയുള്ളു . മേല്പറഞ്ഞ മാറ്റങ്ങൾക്കനുസരിച്ച് പദ്ധതിയുടെ രൂപരേഖയിൽ മാറ്റം വരും. കുളത്തൂരിൽ ഉപരിതല ജല സംഭരണിയുടെ നിർമാണത്തിനായി 15 സെന്റ് സ്ഥലം പ്രാഥമിക കേന്ദ്രത്തിനടുത്തായി ലഭ്യമാക്കു ന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട് . പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അനുമതി |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് പരിശോധനയിലാണ് . അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് 25.49 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി നൽകിയിട്ടുണ്ട് . പദ്ധതിയുടെ ഭാഗമായി കിണറും പമ്പു ഹൗസും നിർമിക്കുന്നതിനാവശ്യമായ സ്ഥലം പ്രായുമൂടിനടുത്ത് ലഭ്യമായിട്ടുണ്ട് . പോങ്ങിൽ 15 എം. എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണ ശാല, അതിനടുത്തതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, റാവാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ട്രാൻസ്മിഷൻ മെയിനുകൾ തുടങ്ങിയവ സ്ഥാപിച്ച് നിലവിലുള്ള ജലവിതരണ ശൃംഖലകൾ വഴി ശുദ്ധജല വിതരണം നടത്തുവാനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത് . പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസ് ക്ഷണിക്കുകയും അത് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരികയുമാണ് . |
| (ബി) | കാരോട്, അതിയന്നൂർ കുടിവെള്ള പദ്ധതികൾക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിനായി എത്ര തുകയാണ് കിഫ്ബിയിൽ നിന്നും ലഭ്യമായതെന്ന് വ്യക്തമാക്കുമോ? | (ബി) | കാരോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിക്കുന്നതിനായി പൊൻവിളയിലെ രണ്ടേക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി 8,13,35,000/- രൂപ കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട് . അതിയന്നൂർ കുടിവെള്ള പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തുകയൊന്നും ലഭ്യമാക്കേണ്ട ആവശ്യകത വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ